**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീമതി. പെണ്ണമ്മ തോമസ്, തെക്കിലഞ്ഞിയിൽ, പാണ്ടിപ്പാറ, ഇടുക്കി എന്നവർക്ക് പാലിയേറ്റീവ് കെയർ നഴ്സായി ജോലിയിൽ തുടരാനുള്ള യോഗ്യത നേടുന്നതിനുള്ള സമയപരിധി **28.10.18** മുതൽ ഒരു വർഷം കൂടി നീട്ടിനൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**3203/ 2018** /തസ്വഭവ　　　　　　　　തിരുവനന്തപുരം, തിയതി **20.12.2018**

പരാമർശം :- 1) സ.ഉ(സാധാ.)നം. 3217/2015/ തസ്വഭവ തീയതി 29.10.2015

2) സ.ഉ(സാധാ.)നം. 150 /2016/ തസ്വഭവ തീയതി 14.01.2016

3) സ.ഉ(സാധാ.)നം. 54/2018/ തസ്വഭവ തീയതി 06.01.18

4) ശ്രീമതി. പെണ്ണമ്മ തോമസിന്റെ 13.07.18 ലെ അപേക്ഷ

5) പഞ്ചായത്ത് ഡയറക്ടറുടെ 21.11.18 ലെ കത്ത്

**<u>ഉത്തരവ്</u>**

പാലിയേറ്റീവ് കെയർ നേഴ്സുമാർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പരിഷ്കരിച്ച യോഗ്യത നേടുന്നതിനുള്ള കാലാവധി പ്രസ്തുത ഉത്തരവ് തിയതി (29.10.15) മുതൽ രണ്ട് വർഷമായി പരാമർശം (2) ലെ ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചിരുന്നു. തുടർന്ന് നിലവിലുണ്ടായിരുന്ന പാലിയേറ്റീവ് കെയർ നേഴ്സുമാർക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച യോഗ്യത നേടുന്നതിനുള്ള കാലാവധി പരാമർശം (3) പ്രകാരം 28/10/17 മുതൽ ഒരു വർഷം കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ഇടുക്കി ജില്ലയിലെ കാമാക്ഷി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ പാലിയേറ്റീവ് പരിചരണ നഴ്സായി ജോലി ചെയ്യുന്ന ശ്രീമതി. പെണ്ണമ്മ തോമസ് തന്നെ പാലിയേറ്റീവ് പരിചരണ വിഭാഗം നഴ്സായി തുടരാനനുവദിക്കണമെന്ന് മുകളിൽ നാലാമതായി വായിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു

**2.** പാലിയേറ്റീവ് പരിചരണ വിഭാഗം നഴ്സായി തുടരാനനുവദിക്കണമെന്നും മതിയായ യോഗ്യത നേടുവാനുള്ള കാലാവധി **27.10.18** ന് അവസാനിക്കുന്ന സാഹചര്യത്തിൽ നീട്ടിത്തരണമെന്നുള്ള ശ്രീമതി പെണ്ണമ്മ തോമസിന്റെ അപേക്ഷ പരിഗണിച്ചും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും വർഷങ്ങളായി ജോലി ചെയ്തു വരുന്ന പ്രവർത്തി പരിചയം പരിഗണിച്ചും ടിയാരിയുടെ അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുന്നതിന് പരാമർശം **(5)** ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടർ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീമതി. പെണ്ണമ്മ തോമസ്, തെക്കിലഞ്ഞിയിൽ, പാണ്ടിപ്പാറ, ഇടുക്കി എന്നയാൾക്ക് പാലിയേറ്റീവ് കെയർ നഴ്സായി ജോലിയിൽ തുടരാനുള്ള യോഗ്യത നേടുന്നതിനുള്ള സമയപരിധി പരാമർശം**(3)** ലെ ഉത്തരവ് ഭേദഗതി ചെയ്ത് **28.10.18** മുതൽ ഒരു വർഷം കൂടി നീട്ടിനൽകി ഉത്തരവാകുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പാറ്റ്സി സ്റ്റീഫൻ**

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി

പ്രസിഡണ്ട്/സെക്രട്ടറി കാമാക്ഷി ഗ്രാമപഞ്ചായത്ത്, ഇടുക്കി

ശ്രീമതി. പെണ്ണമ്മ തോമസ്, തെക്കിലഞ്ഞിയിൽ, പാണ്ടിപ്പാറ, ഇടുക്കി

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ